# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7204 | 11.07.14 ൽ – മറുപടിക്ക്

## <u>പുതിയ റേഷൻ കാർഡ് വിതരണം</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |

(എ) ഫോട്ടോ പതിച്ച റേഷൻകാർഡ് ഏതു വർഷം മുതലാണ് വിതരണം ചെയ്തത് എന്ന് അറിയിക്കുമോ ;

(എ) 2009 സെപ്റ്റംബർ മാസം മുതലാണ് ഫോട്ടോ പതിച്ച റേഷൻ കാർഡ് നിലവിൽ വന്നത്.

(ബി) പ്രസ്തുത റേഷൻ കാർഡിൽ ഏതു വർഷം വരെ ഉപയോഗിക്കാൻ ഉള്ള പേജാണ് രേഖപ്പെടുത്തിയിരിക്കുന്നത്; ഇതനുസരിച്ച് ഈ റേഷൻ കാർഡുകളുടെ കാലാവധി എന്ന് അവസാനിക്കേണ്ടതാണ് എന്നറിയിക്കുമോ;

(ബി) 2012 വർഷം വരെ ഉപയോഗിക്കുന്നതിനുള്ള ഉൾപ്പേജുകളാണ് ഉൾക്കൊള്ളിച്ചിരുന്നത്. 2012 വർഷത്തിലാണ് നിലവിലെ റേഷൻകാർഡുകളുടെ കാലാവധി അവസാനിച്ചത്.

(സി) നിലവിലെ റേഷൻകാർഡിൽ പേജുകൾ ഇല്ലാത്തതുമൂലം അഡീഷണൽ പേജ് വയ്ക്കുകയോ ഒഴിഞ്ഞു കിടക്കുന്ന പേജുകളിൽ രേഖപ്പെടുത്തുകയോ ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം റേഷൻകട ഉടമകൾ റേഷൻ സാധനങ്ങളുടെ വിതരണത്തിൽ തിരിമറി നടത്താനുള്ള അവസരം ഉള്ളതിനാൽ അടിയന്തരമായി പുതിയ റേഷൻകാർഡ് വിതരണം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

(സി) നിലവിലെ റേഷൻ കാർഡ് 2008–2012 കാലഘട്ടത്തിലുള്ളതാണെങ്കിലും 2009 ഒക്ടോബർ മാസം മുതലാണ് നിലവിൽ വന്നത്. ആയതിനാൽ 2013 വർഷത്തെ വിതരണ തോത് രേഖപ്പെടുത്തുന്നതിന് 2008 വർഷത്തെ പേജ് ഉപയോഗപ്പെടുത്തുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടർ ഉത്തരവ് നൽകിയിരുന്നു. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതും നടപടി പൂർത്തിയാക്കുന്ന മുറയ്ക്ക് പുതിയ കാർഡുകൾ വിതരണം ചെയ്യേണ്ടിയും വരും. ആയതിനാൽ 2014, '5, 16 വർഷത്തെ അഡീഷണൽ ഉൾപ്പേജുകൾ അച്ചടിക്കുന്നതിനും നിലവിലെ കാർഡുകളിൽ ഉൾക്കൊളളിക്കുന്നതിനും സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്സിൽ നിന്നും ഇന്നർഷീറ്റുകൾ അച്ചടിച്ച് ലഭ്യമാക്കി ഇന്നർഷീറ്റുകൾ ചേർത്ത് ഉപയോഗിച്ച് വരുന്നു. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായുള്ള ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയതനുസരിച്ച് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി, എല്ലാ വിഭാഗക്കാരായ ഗുണഭോക്താക്കൾക്കും പുതിയ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

സെക്ഷൻ ഓഫീസർ